# ദുരന്തവും അനീതിയും വെളിപ്പെടുന്നു

ബഡ്‌വാനി : ഈ കാലവർഷത്തിൽ നർമ്മദയുടെ താഴ്‌വരകളിൽ ആദിവാസികളുടെയും കൃഷിക്കാരുടെയും ഭൂമിയും ആയിരക്കണക്കിന് വീടുകളും മുങ്ങിപ്പോകുമെന്നുറപ്പാണ്. വരുന്ന ജൂൺ മാസത്തോടെ 110 മീറ്ററിൽ സർദാർ സരോവർ കെട്ടിപ്പൊക്കുന്നതോടെ മഹാരാഷ്ട്രയിലുള്ള 1500 മുതൽ 2000 വരെ ആദിവാസി കുടുംബങ്ങൾ നശിച്ചുപോയിരിക്കും. മന്ത്രിമാരും ഉദ്യോഗസ്ഥവൃന്ദവും തെരഞ്ഞെടുപ്പിന്റെ ചൂടിലാണെങ്കിലും നർമ്മദാ തീരത്ത് സംഭവിക്കാനിരിക്കുന്ന ഈ അത്യാപത്തിനെക്കുറിച്ച് അവർക്ക് തണുത്ത മട്ടാണ്. ജനസാന്ദ്രതയുള്ള ഗ്രാമങ്ങളിലെ ആയിരക്കണക്കിന് കുടുംബങ്ങളെ മധ്യപ്രദേശ് സർക്കാർ എഴുതിത്തള്ളിയിരിക്കയാണ്. മഹാരാഷ്ട്ര സർക്കാരാകട്ടെ, സ്വന്തം മന്ത്രിസഭ കഴിഞ്ഞ ജനുവരി 21 നും 28 നുമെടുത്ത തീരുമാനങ്ങൾ നടപ്പാക്കാതെ ഒഴിഞ്ഞു മാറിയിരിക്കയാണ്. അന്ന് അവർ ഒഴിവാക്കപ്പെടുന്ന കുടുംബങ്ങളുടെ കണക്ക് പുതുക്കാനും പുനരധിവാസ പ്രവർത്തനം പൂർത്തിയാക്കാതെ അണക്കെട്ടിന്റെ ഉയരം 110 മീറ്ററിനേക്കാൾ കൂട്ടാതിരിക്കാനും തീരുമാനമെടുത്തിരുന്നു. സുപ്രീം കോടതിയുടെയും നർമ്മദാ ജല തർക്ക ട്രിബ്യൂണലിന്റെയും വിധികൾ അതിലംഘിച്ചുകൊണ്ടും ലോകബാങ്കുമായുള്ള കരാറുകളും പുനരധിവാസ നയങ്ങളും ഉല്ലംഘിച്ചുകൊണ്ടും കേന്ദ്രവും ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാന സർക്കാരുകളും മുന്നോട്ടു കൊണ്ടുപോകുന്ന അണക്കെട്ടിന്റെ പണികൾക്കെതിരെ മഹാരാഷ്ട്ര സർക്കാരിന് കാര്യമായ നടപടിയൊന്നും എടുക്കാനില്ല. മതിയായ ഭൂമി കണ്ടുവെയ്ക്കാതെയും രേഖകൾ പുതുക്കാതെയും റോഡുകൾ പണിയാതെയും ദുരന്തം ബാധിക്കുന്ന കുടുംബങ്ങളെയും ഗ്രാമങ്ങളെയും ചന്തകളെയും സ്മാരകങ്ങളെയും രക്ഷിക്കാൻ സർക്കാരിന് ഒരു വഴിയുമില്ല.

## സത്യാഗ്രഹം

ഒരു ഭാഗത്ത് സർക്കാരിന്റെ കഴിവുകേടും താല്പര്യമില്ലായ്മയും നർമ്മദയിലെ ജനങ്ങളോടുള്ള ചതിയും പുറത്തുകാട്ടാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ, മറുഭാഗത്ത് നിഷ്കാസിതരാവുന്ന ഹതഭാഗ്യർക്ക് പുനരധിവാസ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന ക്രിയാത്മക യത്നങ്ങളും കാഴ്ചവെക്കുന്ന പുത്തൻ വെല്ലുവിളിയാണ് നർമ്മദ ബച്ചാവോ ആന്ദോളൻ ഇത്തരുണത്തിൽ ഏറ്റെടുത്തിട്ടുള്ളത്. നിഷ്കാസിതരായിട്ടും പുനരധിവസിക്കപ്പെടാത്ത നർമ്മദിയിലെ ജനങ്ങൾ ഭൂമിയിലും വിഭവങ്ങളിലുമുള്ള അവരുടെ അവകാശം ഉദ്ഘോഷിക്കുന്ന, അവർ തേടുന്ന നീതി സൃഷ്ടിച്ചെടുക്കുന്ന 'ഭൂമിഹക്' സത്യാഗ്രഹമായിരിക്കുമത്. സർക്കാർ, ഭൂമിയിലും പിതൃഭവനങ്ങളിലും ഉള്ള തങ്ങളുടെ അവകാശങ്ങളെ അംഗീകരിക്കാതിരിക്കുകയും ഭൂമിയിലധിഷ്ഠിതമായ പുനരധിവാസം നിയമപരമായി തന്നെ ഉറപ്പുവരുത്തുകയും ചെയ്തില്ലെങ്കിൽ പിന്നെ അവർ നാട്ടുകാരുടെ ഐക്യവും സഹകരണവും തേടിക്കൊണ്ട് അത് സ്വയം സൃഷ്ടിച്ചെടുക്കും. സന്നദ്ധ സേവകരുടെയും കർമ്മോത്സുകരുടെയും എഞ്ചിനീയർമാരുടെയും കലാകാരന്മാരുടെയും പ്രഗത്ഭരുടെയും തല്പരരായ നാട്ടുകാരുടെയും സഹകരണത്തോടെ മനുഷ്യ നിർമ്മിതമായ ഈ ദുരന്തത്തിന്റെ ഇരകളോട് ഐക്യപ്പെട്ട് 'നർമദ ജീവൻ ഗ്രാമം' എന്ന പുതിയ ഗ്രാമം കെട്ടിപ്പടുക്കുകയാണ് സത്യാഗ്രഹത്തിന്റെ ലക്ഷ്യം.

## നിങ്ങൾക്കും അതിൽ ഭാഗഭാക്കാകാം

കൃഷി, ഭൂമി, ജലം എന്നിവയുടെ നടത്തിപ്പ്, അനൗപചാരിക വിദ്യാഭ്യാസം, ആരോഗ്യം, പുനരുപയോഗിക്കാവുന്ന ഊർജ്ജം, മറ്റു നിലനിൽക്കുന്ന നീതിപൂർവകമായ വികസനം തുടങ്ങിയ മേഖലകളിലെ വിദഗ്ദർക്കും പ്രഗൽഭർക്കും ഈ സത്യാഗ്രഹത്തിൽ പങ്കുവഹിക്കാനുണ്ട്. മറ്റുള്ളവർക്ക്, സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്ന ഈ ജനങ്ങൾക്ക് പ്രയത്നം നൽകി സഹായിക്കാനാകും. താൽപര്യമുള്ള ജനങ്ങളുടെ സാന്നിദ്ധ്യം തന്നെ നമ്മെ ഒരുപാടു മുന്നോട്ടു കൊണ്ടുപോകും. വികസനത്തെക്കുറിച്ചുള്ള നമ്മുടെ വേറിട്ട സങ്കല്പം പ്രായോഗികമാക്കാനുള്ള അവസരമാണിത്. സാദ്ധ്യമാണെന്ന് നാം പറയുന്ന 'മറ്റൊരു ലോകം' യാഥാർത്ഥ്യമാക്കാനുള്ള അവസരം! ഇതിനു വേണ്ടത് ഒന്നുമാത്രമാണ്. ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നുമുള്ള യുവാക്കളും വൃദ്ധരും ആണുങ്ങളും പെണ്ണുങ്ങളും അടങ്ങുന്ന എപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധ സേവകരായ സത്യാഗ്രഹികളുടെ ഒരു സമൂഹം. സത്യവും അഹിംസയും സ്വാശ്രയത്വവും പ്രതിജ്ഞയെടുത്ത് സത്യഗ്രഹത്തിന്റെ ഈ മണ്ണിലെ ശുദ്ധവായു അവർ ശ്വസിക്കണം. നർമ്മദ ബച്ചാവോ ആന്ദോളനും നർമ്മദാ നവനിർമ്മാണ അഭിയാനും വേണ്ടി **മേധാപട്കർ**.

സത്യാഗ്രഹം മെയ് മാസം തുടക്കത്തിൽ തന്നെ ആരംഭിക്കും.

ബന്ധപ്പെടുക : Philip Mathew, NBA Baroda Office - 0265-2282232.
E-mail : medha@narmada.org, badwani@narmada.org